# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 347** | **15.03.2017-ൽ മറുപടിയ്ക്ക്**

## നോട്ട് നിരോധനം മൂലം സഹകരണ മേഖലയിലുണ്ടായ പ്രതിസന്ധി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>ശ്രീ. ടി. വി. ഇബ്രാഹിം<br>ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ. അബ്ദുൽ ഹമീദ് പി. | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | നോട്ട് നിരോധനവുമായി ബന്ധപ്പെട്ട് സഹകരണ മേഖലയിലുണ്ടായ പ്രതിസന്ധി മറികടക്കുന്നതിന് സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങളോ നിയന്ത്രണങ്ങളോ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | നോട്ട് നിരോധനവുമായി ബന്ധപ്പെട്ട് സഹകരണ മേഖലയിലുണ്ടായ പ്രതിസന്ധി ഒരു പരിധിവരെ മറികടക്കുന്നതിന് സാധിച്ചിട്ടുണ്ട്. നോട്ട് നിരോധന കാലയളവിൽ നോട്ട് പ്രതിസന്ധി മറികടക്കുന്നതിലേയ്ക്കായി ആവശ്യമായ നിർദ്ദേശങ്ങൾ സഹകരണ സംഘങ്ങൾക്ക് നൽകിയിരുന്നു. പ്രാഥമിക സഹകരണ സംഘത്തിൽ/ബാങ്കിൽ അക്കൗണ്ടുള്ള ഇടപാടുകാരന് കെ.വൈ.സി. (ഇടപാടുകാരെ അറിയൽ) മാനദണ്ഡം പാലിച്ച് അടുത്തുള്ള ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയിൽ (പ്രാഥമിക സംഘത്തിന് അക്കൗണ്ടുള്ള ശാഖയിൽ) സീറോ ബാലൻസ് അക്കൗണ്ട് ആരംഭിച്ച് ഇടപാടുകൾ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ കാര്യക്ഷമതയും ഇടപാടുകളുടെ കൃത്യതയും ഉറപ്പുവരുത്തുന്നതിലേയ്ക്കായി ഡിജിറ്റലൈസേഷൻ നടപടികൾ ഊർജിതപ്പെടുത്തി വരുന്നു. |
| (ബി) | പ്രതിസന്ധികൾ നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളിലെ ഭരണ സമിതികളുടെ കാലാവധി നീട്ടി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | സഹകരണ നിയമ വ്യവസ്ഥപ്രകാരമാണ് സഹകരണ സംഘങ്ങളിലെ ഭരണസമിതികളുടെ കാലാവധി നിശ്ചയിക്കുന്നത്. |

സെക്ഷൻ ഓഫീസർ